


19/03/2021 - ACV NEWS

കേരള കൗമുദി
SINCE 1911
FOUNDER EDITOR K. SUKUMARAN B.A.
2021 March 20 Saturday

# ഉദ്ഘാടനം ചെയ്തു

കോട്ടയം: ജൂവൽ ഓട്ടിസം സെന്ററിന്റെ നവീകരിച്ച ക്യാമ്പസ് ഫാ. ഡേവിസ് ചിറമ്മേലും സാമൂഹിക പ്രവർത്തകയായ ശിവാലി കൽറയും ചേർന്ന് നിർവഹിച്ചു. ജൂവൽ ഓട്ടിസം സെന്ററിന്റെ ഡയറക്ടർ ഡോ. ജെയിംസൺ സാമുവേൽ, ജോയിന്റ് ഡയറക്ടർ ഡോ. ജെൻസി ബ്ലസൻ എന്നിവർ പങ്കെടുത്തു.

## ഉപ്പൂട്ടിൽകവലയിൽ

# ഓട്ടിസമുള്ള കുട്ടികൾക്കായി കോട്ടയത്ത് വിശാല ക്യാമ്പസ്

കോട്ടയം

വൃക്കദാനത്തിലൂടെ പ്രശസ്തനായ തൃശൂർ സ്വദേശി ഫാ. ഡേവിസ് ചിറമ്മേൽ നേതൃത്വം കൊടുക്കുന്ന ഓട്ടിസം ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ട്രസ്റ്റുമായി ചേർന്ന് പ്രവർത്തിക്കുന്ന 'ജൂവൽ ഓട്ടിസം ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററി'ന്റെ വിശാല ക്യാമ്പസ് കോട്ടയത്ത് തുറന്നതായി സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ചാലുകുന്ന് ഉപ്പൂട്ടിൽ കവലയിലുള്ള ചെറിയപള്ളി ആശുപത്രി വളപ്പിൽ ക്യാമ്പസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഓട്ടിസം ബാധിച്ച കുട്ടികളെ കണ്ടെത്തി മാതാപിതാക്കളുടെ സഹായത്തോടെ ആവശ്യമായ മാനസിക – ശാരീരിക പരിശീലനം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരികയാണ് ക്യാമ്പസിന്റെ ഉദ്ദേശ്യം. ഇത് വിശദീകരിക്കുന്ന മാനുവലിന്റെ പ്രകാശനവും നടത്തി. ഇതോടൊപ്പം 'ക്ലോത്ത് ബാങ്ക് – ഹംഗർ ഹണ്ട്' കോട്ടയം യൂണിറ്റ് ഉദ്ഘാടനവും നടത്തി. ഒരാൾ ഉപയോഗിച്ചതും എന്നാൽ മറ്റൊരാൾക്ക് ഉപയോഗിക്കാവുന്നതുമായ വസ്ത്രങ്ങൾ ശേഖരിച്ച് ചെറിയ വിലയ്ക്ക് വിൽക്കുകയും ലാഭം ജയിലിലേക്ക് ഭക്ഷണ വിൽപ്പനയ്ക്കായി നൽകുകയുമാണ് ഈ യൂണിറ്റ് കൊണ്ടുദ്ദേശിക്കുന്നത്. വാർത്താസമ്മേളനത്തിൽ ഫാ. ഡേവിസ് ചിറമ്മേൽ, ഡോ. ജെയിംസൺ സാമുവൽ, ഡോ. ബെൻസി ബ്ലെസൻ, ശിവാനി കൽറ (ലുധിയാന), ഡോണ മരിയ കുര്യാക്കോസ് എന്നിവർ പങ്കെടുത്തു.

# ചിറമ്മേൽ ജുവൽ ഓട്ടിസം ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കാമ്പസ്

**കോട്ടയം:** ചിറമ്മേൽ ജുവൽ ഓട്ടിസം ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ കാമ്പസ് ഉദ്ഘാടനവും ക്ലോത്ത് ബാങ്ക്, ഹങ്ങർ ഹണ്ട് കോട്ടയം യൂണിറ്റ് ഉദ്ഘാടനവും ഫാ. ഡേവിസ് ചിറമ്മേൽ നിർവഹിച്ചു. ഓട്ടിസം ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ചെറിയപള്ളി ആശുപത്രിയിലാണ് കാമ്പസ് പ്രവർത്തനമാരംഭിച്ചത്. ശിവാലി കൽറ, ഡോ. ജയിംസൺ സാമുവേൽ, ഡോ. ജെൻസി ബ്ലസൻ എന്നിവർ പങ്കെടുത്തു. കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ കോ ഓർഡിനേറ്റിംഗ് സെന്ററായി ജുവൽ ഓട്ടിസം സെന്റർ പ്രവർത്തിക്കും. ഒരാൾ ഉപയോഗിച്ചതും മറ്റൊരാൾക്ക് ഉപയോഗിക്കാവുന്നതുമായ തുണികൾ ക്ലോത്ത് ബാങ്ക് വഴി ശേഖരിക്കുകയും മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്യും. ഇതിൽനിന്നും ലഭിക്കുന്ന പണമുപയോഗിച്ചാണു പ്രവർത്തനം നടത്തുന്നത്.

ദീപിക

Sat, 20 March 2021

https://epaper.deepika.co

മലയാള മനോരമ

2021 March 02 Saturday

# ജൂവൽ ഓട്ടിസം സെന്ററിന്റെ പുതിയ കെട്ടിടം തുറന്നു

കോട്ടയം ● ജൂവൽ ഓട്ടിസം ആൻഡ് ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ പുതുക്കിയ ക്യാംപസ് ഉദ്ഘാടനം ഫാ. ഡേവിസ് ചിറമ്മൽ നിർവഹിച്ചു. ചാലുകുന്ന് - ഉപ്പൂട്ടിൽ കവലയിൽ ചെറിയപള്ളി ആശുപത്രിക്കെട്ടിടത്തിലാണ് നവീകരിച്ച ജൂവൽ ഓട്ടിസം ആൻഡ് ചൈൽഡ് സെന്ററിന്റെ പുതുക്കിയ കെട്ടിടം പ്രവർത്തിക്കുന്നത്. 300 കുട്ടികൾക്ക് ഒരേ സമയം പഠനത്തിനുള്ള സൗകര്യം ഇവിടെയുണ്ട്. ഫാ. ഡേവിസ് ചിറമ്മലിന്റെ നേതൃത്വത്തിൽ ജില്ലയിൽ തുണിത്തരങ്ങൾ ശേഖരിച്ച് വിൽപന നടത്തുന്ന 'ക്ലോത്ത് ബാങ്ക് ', അഭയകേന്ദ്രങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്ന 'ഹംഗർ ഹണ്ടി'ന്റെയും ഉദ്ഘാടനവും ഇതോടൊപ്പം നടന്നു. സാമൂഹിക പ്രവർത്തക ശിവാലി കൽറ, ജൂവൽ ഓട്ടിസം സെന്റർ ഡയറക്ടർ ഡോ. ജയിംസൺ സാമുവേൽ, ജോയിന്റ് ഡയറക്ടർ ഡോ. ജെൻസി ബ്ലസൻ എന്നിവർ പങ്കെടുത്തു.

ഓട്ടിസമുള്ള കുട്ടിയുടെ വളർച്ചയ്ക്ക് ആവശ്യമായ ഒക്യുപേഷനൽ തെറപ്പി, സ്പീച്ച് തെറപ്പി, റിമീഡിയൽ എജ്യുക്കേഷൻ, ഗ്രൂപ്പ് തെറപ്പി, പ്ലേ തെറപ്പി, ആർട്ട് തെറപ്പി, എബിഎ തെറപ്പി, സോഷ്യൽ വർക്ക്, ചൈൽഡ് സൈക്കോളജി, ഓൺലൈനിൽ തെറപ്പി തുടങ്ങിയ വിഭാഗങ്ങളിൽ ജൂവൽ ഓട്ടിസം സെന്ററിൽ വിദഗ്ധ പരിശീലനം നൽകുന്നു.

# ‘ജുവൽ ഓട്ടിസം സെന്റർ’ പ്രവർത്തനം വിപുലമായി

**സ്വന്തം ലേഖകൻ**

**കോട്ടയം**

അക്ഷരനഗരിയോട് ചേർന്നുള്ള ജുവൽ ഓട്ടിസം സെന്ററിന്റെ പ്രവർത്തനം വിപുലമായി. ചാലുകുന്നിനടുത്ത് ഉപ്പൂട്ടിൽ കവലയിലുള്ള ചെറിയപള്ളി ആശുപത്രി വളപ്പിലുള്ള ക്യാമ്പസിലാണ് സെന്റർ പ്രവർത്തിക്കുന്നത്. 2008ൽ പ്രവർത്തനം തുടങ്ങിയ സ്ഥാപനം അടുത്തിടെ വിപുലമാക്കി. കടലൂർ സുനാമി ബാധിതരുടെ പുനരധിവാസ പദ്ധതി കോഓർഡിനേറ്റർ ആയിരുന്നപ്പോൾ ഓട്ടിസം ബാധിതരായ കുട്ടികളുടെ ചില മാതാപിതാക്കളെ കാണാൻ ഇടയായി. അവരുടെ ആവശ്യം പരിഗണിച്ചാണ് സ്ഥാപനം തുടങ്ങിയതെന്ന് ഡയറക്ടർ ഡോ. ജെയിംസൺ സാമുവൽ പറഞ്ഞു. നാല് പേരിൽ നിന്ന് തുടങ്ങി ഇന്ന് 150 ഓളം കുട്ടികളിൽ എത്തി നിൽക്കുന്നു. ജുവൽ ഓട്ടിസം സെന്ററിന്റെ മുകളിലുള്ള നിലയിൽ മാതാപിതാക്കൾക്ക് താമസിക്കാൻ സൗകര്യം ഉണ്ട്. യാത്ര ചെയ്ത് വരാൻ സാധിക്കാത്തവർക്കും ഓൺലൈൻ ക്ലാസ് നൽകും. ഇവിടെ ഒരു കുട്ടിക്ക് ഒരു അധ്യാപിക എന്ന സംവിധാനമാണ്. 70ഓളം അധ്യാപകരുണ്ട്. അധ്യാപകർ സ്പെഷ്യൽ ബിഎഡ് ഉള്ളവരും ക്ലിനിക്കൽ സൈക്കോളജിയിൽ യോഗ്യത ഉള്ളവരും സെൻസറിങ് തെറാപ്പിയിൽ മികവുറ്റവരും ആണ്. കുട്ടികളോടൊപ്പം മാതാപിതാക്കൾക്കും പരിശീലനം നൽകുന്നുണ്ട്. കുട്ടികളുടെ പഠനച്ചെലവ് മാതാപിതാക്കൾ തന്നെ വഹിക്കണം. കുട്ടികളെ സ്പോൺസർ ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് സ്ഥാപനവുമായി ബന്ധപ്പെടാം. ഡോ. ജെൻസി ബ്ലെസ്സനാണ് സെന്റർ ജോയിന്റ് ഡയറക്ടർ.



കോട്ടയം ചാലുകുന്നിനടുത്ത് ഉപ്പൂട്ടിൽ കവലയിൽ ചെറിയപള്ളി ആശുപത്രി വളപ്പിലുള്ള ജുവൽ ഓട്ടിസം സെന്റർ